ഉത്തരം

(എ) 2011 മെയ് മുതൽ 2015 നവംബർവരെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശമ്പളവും മറ്റ് അലവൻസുകളും ഇനത്തിൽ കൈപ്പറ്റിയ തുക അനുബന്ധം - എ* ആയി ചേർക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2015 വരെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഔദ്യോഗികമായും സ്വകാര്യമായും നടത്തിയ വിദേശ യാത്രകളുടെ വിശദവിവരം വർഷം തിരിച്ച് അനുബന്ധം -ബി* ആയി ചേർക്കുന്നു.

(സി) വിദേശയാത്രകൾക്ക് മന്ത്രിമാരുടെ വിമാനയാത്രച്ചെലവ് വകയിരുത്തുന്ന 2013-00-108-99-04-1 എന്ന ശീർഷകത്തിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഗതാഗത വകുപ്പിൻകീഴിലുള്ള പദ്ധതികൾ

23 (1845) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പ്രത്യേക മുൻഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ഗതാഗത വകുപ്പിൻ കീഴിലുള്ള പദ്ധതികൾ ഏതെല്ലാം ആയിരുന്നു ;

(ബി) പ്രസ്തുത പദ്ധതികളിൽ 2011-12 സാമ്പത്തികവർഷം പൂർത്തിയാക്കുവാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാമായിരുന്നു ; വ്യക്തമാക്കുമോ ;

(സി) 2011-12-ൽ പൂർത്തിയാക്കുവാൻ സാധിക്കാത്ത പദ്ധതികൾക്കായി തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര വീതം ഓരോ വർഷവും അനുവദിച്ചു ; ട്രഷറിയിൽ അവശേഷിച്ച തുക എത്ര ; വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ പ്രഖ്യാപിക്കപ്പെട്ട് നാലവർഷത്തിനുശേഷവും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗതാഗത വകുപ്പിന് കീഴിൽ മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവർ ടെസ്റ്റിംഗ്ട്രാക്ക്, ഇ-പേമെന്റ് സംവിധാനം, എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു.

2011-12-ലെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ നിർമ്മാണ അനുമതി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ മെട്രോ പണിയുമ്പോൾ അനിവാര്യമായിവരുന്ന റെയിൽ ഓവർബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ 5 നവീകരണ ജോലികൾക്ക് അനുമതി നൽകിയതായി പ്രഖ്യാപിക്കുകയുണ്ടായി. കൂടാതെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുത്ത് നൽകൽ എന്നിവയും പ്രഖ്യാപിച്ചിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മോട്ടോർ വാഹന വകപ്പിലെ 3 പദ്ധതികളുടെയും പ്രവർത്തനം 2011-12-ൽ തന്നെ അനുവദിച്ചെങ്കിലും 2012 അവസാനത്തോടെയും 2013 ആരംഭത്തിലുമാണ് പൂർത്തീകരിച്ചത്.

2011-12-ലെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ നിർമ്മാണ അനുമതി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ മെട്രോ പണിയുമ്പോൾ അനിവാര്യമായിവരുന്ന റെയിൽ ഓവർബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ 5 നവീകരണ ജോലികൾക്ക് അനുമതി നൽകിയതായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് ഈ ജോലികൾ DMRC ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതികളിൽ 2011-12 സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതിയായിരുന്നില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ കടിയിറക്കപ്പെട്ടവരുടെ പുനരധിവാസപാക്കേജുമായി ബന്ധപ്പെട്ട തദ്ദേശവാസികളുടെ ശക്തമായ എതിർപ്പുമൂലം ടി ഭൂമി ഏറ്റെടുത്ത് നൽകുവാൻ സാധിച്ചിട്ടില്ല.

(സി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും വിനിയോഗിച്ച തുകയും താഴെ ചേർക്കുന്നു:

	2011-12	2012-13	2013-14	2014-15	2015-16
വകയിരുത്തിയ തുക	52.9943	80.4319	...	56.705	...
ശീർഷകം 3075-60-800-96-ൽ നിന്നും വിനിയോഗിച്ച തുക	52.9943	80.4319	...	...	...
ട്രഷറിയിൽ അവശേഷിച്ചത്	...	...	...	0.005	...

ബാക്കി തുകയായ 217 കോടി രൂപ ഇ. എൽ. എ.-യിലേക്ക് മാറ്റുകയും 2015-16-ൽ വിനിയോഗിക്കുകയും ചെയ്തു. 0.005 കോടി രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ട്രഷറിയിൽ അവശേഷിച്ചത്
2011-12	10 കോടി	10 കോടി	ഈ ഇനത്തിൽ തുകയൊന്നും ബാക്കിയില്ല.
2012-13	50 കോടി	50 കോടി	
2013-14	1.03 ലക്ഷം	കണ്ണൂർ എയർപോർട്ടിന് തുകയൊന്നും ലഭിച്ചിട്ടില്ല.	...
2014-15	1.00 ലക്ഷം	...	
2015-16	...	...	...

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും ചെലവുകൾക്കുമായി 2012-13 വർഷത്തിൽ 5,64,07,015 രൂപയും 2013-14 വർഷത്തിൽ 3,05,00,000 രൂപയും 2014-15 വർഷത്തിൽ 3,31,78,411 രൂപയും ടി ശീർഷകത്തിൽ അനുവദിച്ചിരുന്നു. മുഴുവൻ തുകയും ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റയിൽ പദ്ധതിയിലെ എറണാകുളം സൗത്ത് സ്റ്റേഷൻ അപ്രോച്ച് റോഡ്, എം.ജി. റോഡ് നന്നാക്കൽ - മാധവ ഫാർമസി- തേവര എന്നീ പ്രവൃത്തികൾ മെട്രോ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം പുരോഗമിക്കുന്നു.

കരാർ വ്യവസ്ഥ പ്രകാരം കണ്ണൂർ വിമാനത്താവളം 2016 മധ്യത്തോടെ പൂർത്തിയാക്കി വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് നടത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരികയാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഏറ്റെടുത്ത് നൽകേണ്ട 120 ഏക്കറിൽ 82 ഏക്കർ ഭൂമികൂടി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. ഇതിൽ 18.92 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന എയർപോർട്ട് അതോറിറ്റിയുടെ അഭ്യർത്ഥനയനുസരിച്ച് ആയതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly